I/202199/2024

I/202199/2024

**ഫയൽ നം :SSG 1/5/2024-TC** **തീയതി : 22-05-2024**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒതിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ**

**ട്രാൻസ്പോർട്ട് കമ്മീഷണർ,**

**മോട്ടോർ വാഹന വകുപ്പ്,**

**കേരളം.**

**സ്വീകർത്താവ്**

**എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും.**

**എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.**

**എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും. (Enfo)**

**എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്കും.**

സർ,

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** -SSG- 2024 മെയ് 16 നും 2024 മെയ് 17 നും ഇടയിൽ കാലഹരണപ്പെട്ട ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ് എന്നിവയുടെ സാധുത സംബന്ധിച്ച് - 18-05-2024 ന് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ തിരുത്തി പുറപ്പെടുവിക്കുന്നു - സംബന്ധിച്ച്.

സൂചന :-

1. Letter N.o RT-11036/12/2024-MVL dated 19-02-2024.
2. ഈ ഓഫീസിൽ നിന്നുമുള്ള ഇതേ നമ്പർ കത്ത് 18-05-2024.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചന ഒന്നു പ്രകാരം ഈ ഓഫീസിൽ നിന്നും 18-05-2024 ന് പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ ചില തെറ്റുകൾ വന്നതിനാൽ മേൽ നിർദ്ദേശങ്ങൾ തിരുത്തി പുറപ്പെടുവിക്കുന്നു.

2024 മെയ് 16 മുതൽ 2024 മെയ് 17 വരെ സാരഥി പോർട്ടലിൽ (https:/sarathi.parivahan.gov.in) ഇൻഫ്രാസ്ട്രക്ചറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം, അപേക്ഷകർക്ക് ലൈസൻസുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭിക്കുന്നതിൽ തടസ്സങ്ങൾ നേരിട്ടതായും ഓൺലൈൻ സേവനങ്ങൾ ഭാഗികമായി നിർത്തലാക്കുകയോ പ്രവർത്തനരഹിതമാക്കുകയോ ചെയ്തതിനാൽ, ഫീസ് അടയ്ക്കൽ, ഡ്രൈവിംഗ് ലൈസൻസ് പുതുക്കൽ, ലേണേഴ്സ് ലൈസൻസിനുള്ള ബുക്കിംഗ് സ്ലോട്ട്, ഡ്രൈവിംഗ് സ്കിൽ ടെസ്റ്റ് തുടങ്ങിയ സേവനങ്ങൾക്ക് അപേക്ഷിക്കാൻ അപേക്ഷകർക്ക് കഴിഞ്ഞില്ലെന്നും മേൽപ്പറഞ്ഞ കാലയളവിൽ പൗരന്മാർ നേരിട്ട ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 2024 മെയ് 16 നും 2024 മെയ് 17 നും ഇടയിൽ കാലഹരണപ്പെട്ട ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ് എന്നിവയുടെ സാധുത, 2024 മെയ് 20 വരെ, യാതൊരു പിഴയും ഈടാക്കാതെ സാധുതയുള്ളതായി കണക്കാക്കുവാൻ MoRTH നിർദ്ദേശം നൽകിയിട്ടുള്ളതാവുന്നു.

ആയതിനാൽ 2024 മെയ് 16 നും 2024 മെയ് 17 നും ഇടയിൽ കാലഹരണപ്പെട്ട ലേണേഴ്സ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ്, കണ്ടക്ടർ ലൈസൻസ് എന്നിവയുടെ സാധുത 2024 മെയ്-20 വരെ യാതൊരു പിഴയും ഈടാക്കാതെ സാധുതയുള്ളതായി കണക്കാക്കുവാൻ ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

I/202199/2024

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

മോട്ടോർ വാഹന വകുപ്പ്, കേരളം